# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 917 28.04.2017-ൽ മറുപടിക്ക്

### ഹയർസെക്കന്ററി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **പ്രൊഫ. സി.രവീന്ദ്രനാഥ്** (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2013-ൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയതിനു ശേഷം വിവിധ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ കീഴിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ഏതൊക്കെ അദ്ധ്യാപകർക്ക് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഇല്ലാതെ തന്നെ നിയമനാംഗീകാരം നൽകിയിട്ടുണ്ടെന്ന് ആർ.ഡി.ഡി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | |
| (ബി) സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഇല്ല എന്ന കാരണത്താൽ ഹയർ സെക്കന്ററി മേഖലയിൽ ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ഏതൊക്കെ അദ്ധ്യാപകരുടെ നിയമനാംഗീകാരം നിരസിച്ചിട്ടുണ്ടെന്ന് ആർ.ഡി.ഡി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) വിവിധ ആർ.ഡി.ഡി ഓഫീസുകളുടെ കീഴിൽ ചിലർക്കു മാത്രം ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഇളവ് നല്കിയിട്ടുള്ളത് വിവേചനപരമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | |
| (ഡി) പുനലൂർ സെന്റ് ഗോരെറ്റി എച്ച്.എസ്.എസ്-ൽ കോടതി ഉത്തരവു മുഖേന എച്ച്.എസ്. എസ്.ടി. ജൂനിയർ ആയി ആർക്കെങ്കിലും സെലക്ഷൻ കമ്മിറ്റി യുടെ ശിപാർശ ഇല്ലാതെ തന്നെ നിയമനാംഗീകാരം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (ഡി) | |

(മറുപുറം...)

| | | | |
|---|---|---|---|
| (ഇ) | ബൈട്രാൻസ്ഫർകാർക്ക് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ ഒഴിവാക്കുന്ന കാര്യം മുൻകാല പ്രാബല്യത്തോടെ പരിഗണിക്കുമോയെന്നു വ്യക്തമാക്കുമോ; | (ഇ) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മാത്രമേ നടപടി എടുക്കാനാകൂ. |
| (എഫ്) | ഹയർ സെക്കന്ററി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവർക്ക് നിയമനാംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുന്നതിനും ഇടപെടൽ നടത്തുമോ? | (എഫ്) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ